LIBRARY ARCHIVES Kerala Legislative Assembly

മൈനർ/ഇന്റർമീഡിയറ്റ് പോർട്ടുകളുടെ വികസന പദ്ധതി

*19 [622] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
,, *പിരപ്പൻകോട് മുരളി:*
,, *ടി. കെ. ബാലൻ:*
,, *കെ. പി. സതീഷ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൈനർ/ഇന്റർമീഡിയറ്റ് പോർട്ടുകളുടെ വികസനത്തിനായി സമർപ്പിച്ച പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം മൈനർ/ഇന്റർമീഡിയറ്റ് പോർട്ടുകൾ വികസിപ്പിക്കാനാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളത്;

(സി) കേന്ദ്രത്തിൽനിന്നും പ്രസ്തുത പദ്ധതികൾ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികളുടെ കണക്കാക്കപ്പെട്ട പദ്ധതി ചെലവ് എത്ര വീതമാണ്;

(ഇ) ഏതെങ്കിലും മൈനർ/ഇന്റർമീഡിയറ്റ് പോർട്ടുകളുടെ കാര്യത്തിൽ പ്രൈവറ്റ് പാർട്ടിസിപ്പേഷനുവേണ്ടി ശ്രമം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) അംഗീകരിച്ചിട്ടില്ല.

(ബി) വിഴിഞ്ഞം, ആലപ്പുഴ, അഴീക്കൽ, ബേപ്പൂർ, തങ്കശ്ശേരി, പൊന്നാനി, മുനമ്പം എന്നീ തുറമുഖങ്ങളുടെ വികസനത്തിനാണ് പദ്ധതി സമർപ്പിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്തെ മൈനർ/ഇന്റർമീഡിയറ്റ് പോർട്ടുകളെ കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഫിഷിംഗ് കാര്യാലയത്തിന് പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് കേന്ദ്ര ഷിപ്പിംഗ് സെക്രട്ടറിയുമായി സംസ്ഥാന സെക്രട്ടറി ചർച്ച ചെയ്തു. സാഗർമാല പദ്ധതി പുതിയ പേരിൽ പുനരാവിഷ്ക്കരിക്കുകയാണ്.

(ഡി) പദ്ധതികളുടെ കണക്കാക്കപ്പെട്ട ചെലവ് താഴെ പറയും പ്രകാരമാണ്.

(രൂപ കോടിയിൽ)

വിഴിഞ്ഞം	-	ഫേസ് 1	1728.3
	-	ഫേസ് 2	971
	-	ഫേസ് 3	1508
ആലപ്പുഴ	-	ഹ്രസ്വകാലം	141.7
	-	മിതകാലം	102.7

(രൂപ കോടിയിൽ)

അഴീക്കൽ	-	ഫേസ് 1	387
	-	ഫേസ് 2	260
	-	ഫേസ് 3	485
കൂടാതെ പൊതു സൗകര്യങ്ങൾക്ക്			245
ബേപ്പൂർ			213.79
തങ്കശ്ശേരി			50
പൊന്നാനി			50
മുനമ്പം			50

(ഇ) ഉണ്ട്.

അഴീക്കൽ, ബേപ്പൂർ, മുനമ്പം, ആലപ്പുഴ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം തേടുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

അഴീക്കൽ തുറമുഖ വികസനത്തിന് ഷാർജയിലെ യൂണിവേഴ്സൽ ലൂബ്രിക്കൻസ് എന്ന കമ്പനിയുടെ വിശദമായ നിർദ്ദേശം ഉടൻ പ്രതീക്ഷിക്കുന്നു. നിർദ്ദേശം അനുയോജ്യം എന്ന് കണ്ടാൽ കമ്പനിയുമായി ഉടൻ തന്നെ കരാറിൽ ഏർപ്പെടുന്നതാണ്. ബേപ്പൂർ തുറമുഖ വികസനത്തിനായി സർക്കാരുമായി ധാരണാപത്രം ഒപ്പുവച്ച പാരിസൺ ഗ്രൂപ്പ് എന്ന സ്വകാര്യ കമ്പനിയുടെ വിശദമായ നിർദ്ദേശം പരിശോധിക്കുന്നതിനായി ഐ. എൽ. ആന്റ് എഫ്. എസ്. ഇൻഫ്രാസ്ട്രക്ച്ചർ എന്ന കമ്പനിയെ ഉപദേശകരായി നിയമിച്ചിട്ടുണ്ട്. പരിശോധിക്കുന്ന മുറയ്ക്ക് ടി കമ്പനിയുടെ നിർദ്ദേശം അനുയോജ്യമെന്ന് കണ്ടാൽ അവരുമായി ഉടൻ തന്നെ കരാർ ഒപ്പു വയ്ക്കുന്നതാണ്.

മുനമ്പം തുറമുഖത്ത് ക്ലിങ്കർ കൈകാര്യം ചെയ്യുന്നതിനുള്ള ജെട്ടി പണിയുന്നതിന് സൗരാഷ്ട്ര സിമന്റ് കമ്പനിയുമായി കരാർ ഒപ്പുവച്ചെങ്കിലും പരിസ്ഥിതി കാരണങ്ങളാൽ തടസ്സപ്പെട്ടിരിക്കുകയാണ്.

ആലപ്പുഴയിൽ ഒരു മറീന സ്ഥാപിക്കുന്നതിനായി സർക്കാരുമായി ധാരണാപത്രം ഒപ്പു വച്ചു. മുംബൈയിലെ എൻവയോൺമെന്റ് ആന്റ് കൺസൾട്ടൻസ് (ഇ. ഇ. സി. ഒ.) എന്ന സ്വകാര്യ കമ്പനിയുടെ നിർദ്ദേശം ലഭിച്ചതിൻമേൽ ചർച്ച നടത്തിവരുന്നു.

വിഴിഞ്ഞം തുറമുഖത്ത് ഒരു അന്താരാഷ്ട്ര ആഴക്കടൽ കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനായി സ്വകാര്യ പങ്കാളിത്തം തേടിക്കൊണ്ട് പുതുതായി ദർഘാസുകൾ ക്ഷണിച്ചു. ഈ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പദ്ധതി ഏകോപിപ്പിച്ച് വികസിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നിയന്ത്രണത്തിൽ ഒരു കമ്പനി പ്രവർത്തനം തുടങ്ങി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly